## വനിത ശിശുവികസന ഡയറക്ടറുടെ നടപടിക്രമങ്ങൾ

(ഹാജർ. ഹരിത.വി.കുമാർ . IAS )

വിഷയം:- വനിത ശിശു വികസന വകുപ്പ് – അങ്കണവാടി ജീവനക്കാരുടെ 2025 ഏപ്രിൽ ( 2025 മെയ് മാസം ചെലവഴിക്കുന്നത്) മാസത്തെ തദ്ദേശ സ്വയഭരണ സ്ഥാപന വിഹിത ഹോണറേറിയം അനുവദിച്ചുത്തരവാകുന്നു.

പരാമർശം:

1. സ.ഉ. (സാധാ) നം 263/2024 WCDD തീയതി 25-07-2024
2. സ.ഉ. (സാധാ) നം 115/2024 WCDD തീയതി 16-03-2024
3. സീനിയര് ഫിനാൻസ് ഓഫീസറുടെ 02-09-2024 ലെ DWCD/1542/2024-A3 നമ്പർ കുറിപ്പ്.

**ഉത്തരവ് നം. DWCD/5264/2024-ICDSB6 തീയതി: 02-05-2025**

വനിത ശിശു വികസന വകുപ്പിൻ കീഴിലെ അങ്കണവാടി പ്രവർത്തകർക്കുള്ള ഹോണറേറിയം 60:40 അനുപാതത്തിൽ കേന്ദ്ര-സംസ്ഥാന സർക്കാർ അനുവദിക്കുന്ന വേതനം, സംസ്ഥാന സർക്കാർ അനുവദിക്കുന്ന അധിക വേതനം, തദ്ദേശ സ്വയംഭരണ സ്ഥാപന വിഹിതം എന്നീ മൂന്നു തരത്തിൽ പ്രതിമാസം അനുവദിച്ചു വരുന്നു.

സംസ്ഥാനത്തെ 33120 അങ്കണവാടികളിലെ വർക്കർ, ഹെൽപ്പർമാർക്ക്, 2025 ഏപ്രിൽ (2025 മെയ് മാസം ചെലവഴിക്കുന്നത്) തദ്ദേശ സ്വയഭരണ സ്ഥാപന വിഹിത ഹോണറേറിയം അനുവദിക്കേണ്ടതുണ്ട്

ഹോണറേറിയം തുക അനുവദിക്കുന്ന 2235-02-102-34 (NP) ൽ ഫണ്ട് ലിമിറ്റ് ഉയർത്തി നൽകുന്നതിലേക്കായി എല്ലാ മാസവും സർക്കാരിലേക്ക് അനുമതി ആവശ്യപ്പെട്ടു വരികയാണ്. എന്നാൽ ആഗസ്റ്റ് മാസം മുതൽ ഫണ്ട് ലിമിറ്റ് ഉയർത്തുന്നതിന് അതത് മാസങ്ങളിൽ തദ്ദേശ സ്വയംഭരണ സ്ഥാപന വിഹിത ഹോണറേറിയം തുക അനുവദിച്ചുകൊണ്ടുള്ള ഉത്തരവ് ലഭ്യമാക്കുന്നതിന് സർക്കാർ നിർദ്ദേശിച്ചിട്ടുള്ളതായി പരാമർശം (3) പ്രകാരം അറിയിച്ചിട്ടുണ്ട്.

മേൽ സാഹചര്യത്തിൽ, അങ്കണവാടി പ്രവർത്തകരുടെ 2025 ഏപ്രിൽ (2025 മെയ് മാസം ചെലവഴിക്കുന്നത്) മാസത്തെ തദ്ദേശ സ്വയംഭരണ സ്ഥാപന വിഹിത ഹോണറേറിയം 12,08,88,000 രൂപ (പന്ത്രണ്ട് കോടി എട്ട് ലക്ഷത്തി എൺപത്തിയെട്ടായിരം രൂപ) കീഴ് കാര്യാലയ മേധാവികൾക്ക് ചുവടെ ചേർക്കും പ്രകാരം അനുവദിച്ചുത്തരവാകുന്നു.

| അങ്കണവാടി ജീവനക്കാരുടെ ഹോണറേറിയം LSGD Share - H/A : 2235-02-102-34 (NP) ഏപ്രിൽ 2025 | | | |
|---|---|---|---|
| ക്രമ നം | ജില്ല | അങ്കണവാടികളുടെ എണ്ണം | ഒരു മാസം പ്രതീക്ഷിക്കുന്ന പരമാവധി ചെലവ് (AWW @ Rs.2200/- & AWH @ Rs.1450/-) |

| 1 | 2 | 3 | 4 |
|---|---|---|---|
| 1 | Thiruvananthapuram | 3061 | 11172650 |
| 2 | Kollam | 2723 | 9938950 |
| 3 | Pathanamthitta | 1389 | 5069850 |
| 4 | Alapuzha | 2150 | 7847500 |
| 5 | Kottayam | 2050 | 7482500 |
| 6 | Idukki | 1561 | 5697650 |
| 7 | Ernakulam | 2858 | 10431700 |
| 8 | Thrissur | 3016 | 11008400 |
| 9 | Palakkad | 2838 | 10358700 |
| 10 | Malappuram | 3808 | 13899200 |
| 11 | Kozhikkodu | 2938 | 10723700 |
| 12 | Wayanad | 876 | 3197400 |
| 13 | Kannur | 2504 | 9139600 |
| 14 | Kasargod | 1348 | 4920200 |
| | *Total* | *33120* | *120888000* |

ജില്ലാ വനിത ശിശു വികസന ഓഫീസർമാർ, മേൽ പട്ടികയുടെ അടിസ്ഥാനത്തിൽ അങ്കണവാടി പ്രവർത്തകരുടെ 2025 ഏപ്രിൽ മാസത്തെ തദ്ദേശ സ്വയം ഭരണ സ്ഥാപന വിഹിത ഹോണറേറിയം അലോട്ട്മെൻറായി ബന്ധപ്പെട്ട ശിശു വികസന പദ്ധതി ഓഫീസർമാർക്ക് നൽകേണ്ടതാണ്.

അങ്കണവാടി പ്രവർത്തകരുടെ തദ്ദേശ സ്വയം ഭരണ സ്ഥാപന വിഹിത ഹോണറേറിയം ഇനത്തിൽ ആവശ്യമായ തുക, 12,08,88,000/- രൂപ (പന്ത്രണ്ട് കോടി എട്ട് ലക്ഷത്തി എൺപത്തിയെട്ടായിരം രൂപ) 2235-02-102-34 (NP) ൽ നിന്നും പിൻവലിക്കാവുന്നതാണ്.

(ഒപ്പ്)

**വനിത ശിശു വികസന ഡയറക്ടർ**

സൂപ്രണ്ട് അക്കൗണ്ട് സെക്ഷന്

പകർപ്പ് :

1. എല്ലാ ജില്ലാ വനിത ശിശുവികസന ഓഫീസര്മാർക്കും
2. എല്ലാ ശിശു വികസനപദ്ധതി ഓഫീസര്മാർക്കും

3 വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്

ഉത്തരവിൻ പ്രകാരം